കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505

Email: kgbeumpm@gmail.com,  visit:www.kgbeuou.com

സർക്കുലർ നമ്പർ: 29/2023

27.11.2023

# സഖാവ് കെ എം മോഹൻകുമാർ

## സർവീസിൽ നിന്ന് വിരമിക്കുന്നു.



SMGB എംപ്ലോയീസ് യൂണിയൻ മുൻ ജനറൽ സെക്രട്ടറിയും നിലവിൽ KGBOU കേന്ദ്ര കമ്മിറ്റി അംഗവുമായ സ.കെ എം മോഹൻകുമാർ ഈ വരുന്ന നവംബർ 30 ന് സർവീസിൽ നിന്ന് വിരമിക്കുകയാണ്.

മലപ്പുറം കൂട്ടിലങ്ങാടി സ്വദേശിയായ സഖാവ് 20.04.1987 ൽ SMGB യുടെ നടവയൽ ശാഖയിൽ ജൂനിയർ ക്ലർക്ക് തസ്തികയിൽ ജോയിൻ ചെയ്തു. ഗ്രാമീണ ബാങ്കിലെ ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപ് കോഡൂർ സർവീസ് സഹകരണ ബാങ്ക്, തിരൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവിടങ്ങളിൽ അദ്ദേഹം ജോലി ചെയ്തിട്ടുണ്ട്. പിന്നീട് SMGB യുടെ മലപ്പുറം, പൂക്കോട്ടൂർ, ഇരുമ്പുഴി, തിരൂർക്കാട് എന്നീ ശാഖകളിൽ ജോലി ചെയ്തു. SMGB EU വിന്റെ ജനറൽ സെക്രട്ടറി ആയി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ മലപ്പുറം ഹെഡ് ഓഫീസിൽ പ്രവർത്തിച്ചിട്ടുണ്ട്. തുടർന്ന് ഓഫീസർ കേഡറിലേക്ക് പ്രമോഷൻ ആയി താഴേക്കോട് ശാഖയിൽ ജോലി ചെയ്തു. 2013ൽ കൂട്ടിലങ്ങാടിയിൽ പുതിയ ശാഖ (KGB യുടെ ആദ്യ ശാഖ) തുടങ്ങിയപ്പോൾ ബ്രാഞ്ച് മാനേജർ ആയി നിയമിതനായി. കോഡൂർ, പാണ്ടിക്കാട്, മലപ്പുറം RO എന്നിവിടങ്ങളിൽ ജോലി ചെയ്തു. മാനേജർ സ്കെയിൽ 2 തസ്തികയിൽ നിന്നുമാണ് 2023 നവംബർ 30 ന് അദ്ദേഹം റിട്ടയർ ചെയ്യുന്നത്.

സംഘടനയുടെ ട്രഷറർ, SMGBEU വിന്റെ ജില്ലാ ഓർഗനൈസിംഗ് സെക്രട്ടറി, മലപ്പുറം ജില്ലാ സെക്രട്ടറി, BEFI ജില്ലാ പ്രസിഡണ്ട്, വൈസ് പ്രസിഡന്റ്, SMGB എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സ്ഥാപക ഡയറക്ടർ തുടങ്ങിയ നിരവധി ചുമതലകൾ ഈ കാലയളവിൽ സഖാവ് വഹിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ KGB യിൽ നടന്ന സംയുക്ത സമരത്തിൽ ജോയിന്റ് ഫോറത്തിന്റെ കൺവീനർ ആയിരുന്നത് സ. മോഹൻകുമാർ ആണ്. അന്നത്തെ സമരത്തിനൊടുവിൽ ഉണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥകൾ പ്രകാരമാണ് നിയമം അനുശാസിക്കുന്നത് പ്രകാരമായല്ലെങ്കിൽപോലും മാന്യമായ വേക്കൻസികൾ പ്രഖ്യാപിച്ച് നിയമന പരീക്ഷയും, ഇന്റർവ്യൂവും നടന്നത്. ഇത് അഭിമാനകരമായ വസ്തുതയാണ്.

സംഘടനയുടെ ചരിത്രത്തിലെ ഏറെ പ്രധാനപ്പെട്ട ഏടുകളായ പരീക്ഷാ ബഹിഷ്കരണ സമരം, 112 താൽകാലിക ജീവനക്കാരുടെ നിയമനം തുടങ്ങിയ സന്ദർഭങ്ങളിൽ SMGBEU വിന്റെ ജനറൽ സെക്രട്ടറി ആയിരുന്നത് സ. മോഹൻകുമാർ ആയിരുന്നു. നമ്മുടെ സംഘടനയുടെ ആസ്ഥാന മന്ദിരമായ ദിലീപ്

kartine29.deviantart

മുഖർജി ഭവന്റെ സ്ഥലമെടുപ്പ് മുതൽ അതിന്റെ പൂർത്തീകരണം വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കാനും ബിൽഡിംഗ് സബ് കമ്മിറ്റിയുടെ കൺവീനറായി പ്രവർത്തിക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

നിലവിൽ KGBOU വിന്റെ കേന്ദ്ര കമ്മറ്റി അംഗം, BEFI മലപ്പുറം ജില്ലാ കമ്മിറ്റി അംഗം എന്നീ സംഘടനാ ചുമതലകളാണ് സഖാവ് വഹിക്കുന്നത്.

ബാങ്കിന്റെയും സംഘടനയുടെയും ആസ്ഥാനം സ്ഥിതിചെയ്യുന്നത് മലപ്പുറത്തായത് കൊണ്ടുതന്നെ, നമ്മുടെ പ്രക്ഷോഭങ്ങളുടെയും പ്രവർത്തനങ്ങളുടെയും കേന്ദ്രം പലപ്പോഴും മലപ്പുറമായിരുന്നു. മലപ്പുറത്തെ വർഗ്ഗ ബഹുജന പ്രസ്ഥാനങ്ങളുമായും പൊതുജനങ്ങളുമായുമൊക്കെ ബന്ധപ്പെട്ടു കൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിൽ സ. മോഹൻകുമാർ വഹിച്ച നേതൃപരമായ പങ്ക് വിലമതിക്കാനാവാത്തതാണ്. ബാങ്ക് ഉദ്യോഗസ്ഥൻ എന്നുള്ള നിലയിൽ തന്റെ ഉത്തരവാദിത്തം ഏറ്റവും ഭംഗിയായി നിർവഹിക്കുകയും, സംഘടനാ പ്രവർത്തകൻ എന്നുള്ള നിലയിൽ അവകാശ സമര പോരാട്ടങ്ങളിൽ സന്ധിയില്ലാതെ പടപൊരുതുകയും ചെയ്ത ഏറ്റവും ഉജ്ജ്വലമായ ഒരു സർവീസ് കാലയളവിനാണ് ഇവിടെ തിരശ്ശീല വീഴുന്നത്.

സമരപോരാട്ടങ്ങളുടെ ഇന്നലെകളിൽ നമ്മെ മുന്നിൽ നിന്ന് നയിച്ച സഖാവിന്റെ ഔദ്യോഗികരംഗത്ത് നിന്നുള്ള വിരമിക്കൽ തീർച്ചയായും നമ്മുടെ മേഖലയിൽ വിടവ് സൃഷ്ടിക്കുമെങ്കിലും സമൂഹത്തിന്റെ വിശാലമായ ഭൂമികയിൽ അദേഹത്തിന്റെ സാന്നിധ്യവും ഇടപെടലുകളും ഉണ്ടാകുമെന്നത് തീർച്ചയാണ്.

***<u>കുടുംബം</u>***

ഭാര്യ ശ്രീമതി ഗീത അദ്ധ്യാപികയാണ്. ഡോക്ടർ പ്രണോയ് മോഹൻ (MIMS കോട്ടക്കൽ), സഞ്ജയ് മോഹൻ (Software Engineer UK) എന്നിവർ മക്കളാണ്. ഡോക്ടർ മാനസ (കോഴിക്കോട് മെഡിക്കൽ കോളജ്) മരുമകളാണ്.

സഖാവിനെ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ: 94472 69846

## അഭിവാദനങ്ങൾ

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

kartine29.deviantart